# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1369** — **20.01.2014 ൽ മറുപടിക്ക്**

## സർക്കാർതലത്തിൽ ഹോട്ടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>ശ്രീ. എ. കെ. ശശീന്ദ്രൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) രൂക്ഷമായ വിലക്കയറ്റത്തിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസമേകാൻ എന്തെല്ലാം നടപടികളാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ; | (എ) വിലക്കയറ്റത്തിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനായി സിവിൽസപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുകയും റേഷൻ കടകൾ വഴി അവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുകയും ചെയ്യുന്നു. ബി.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം 25 കി.ഗ്രാം അരി കിലോഗ്രാമിന് 1 രൂപാ നിരക്കിലും 5 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് 10കി.ഗ്രാം അരി കിലോ ഗ്രാമിന് 8.90 രൂപാ നിരക്കിലും 2 കി.ഗ്രാം ആട്ട കാർഡൊന്നിന് 12 രൂപാ നിരക്കിലും നൽകുന്നു. എ.പി.എൽ വിഭാഗത്തിൽ പ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യ ധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കി.ഗ്രാം അരി കിലോഗ്രാമിന് 2/- രൂപ നിരക്കിൽ നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. ബി.പി.എൽ. / എ.എ.വൈ വിഭാഗത്തിലുള്ള ഓരോ അംഗത്തിനും കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ 400 ഗ്രാം പഞ്ചസാര പ്രതിമാസം നൽകുന്നു. കരിഞ്ചന്ത പൂഴ്ത്തിവയ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നു. ഉത്സവ സീസണുകളിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. കൂടാതെ സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ മുഖേന ന്യായവിലയ്ക്ക് അരിയും മറ്റ് അവശ്യവസ്തുക്കളും വിതരണം ചെയ്യുന്നു. ഇവയെല്ലാം തന്നെ വിലക്കയറ്റത്തെ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സഹായകമായിട്ടുണ്ട്. കൂടാതെ വിപണിയിലുണ്ടാകുന്ന വില |

വർദ്ധന നിയന്ത്രിക്കുന്നതിനായും അതു വഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി. ഇതനുസരിച്ച്

1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യസാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വിൽപന ശാലകൾ വഴി വിറ്റുവരുന്നു.

| ക്രമ നമ്പർ | ഇനം | 2013 വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 55.00 |
| 2 | ഉഴുന്ന്(ഹോൾ) | 42.00 |
| 3 | വൻകടല | 45.00 |
| 4 | വൻപയർ | 35.00 |
| 5 | തുവരപ്പരിപ്പ് | 45.00 |
| 6 | മുളക് | 55.00 |
| 7 | മല്ലി | 60.00 |
| 8 | പഞ്ചസാര | 26.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 21.00 |
| 11 | മട്ട അരി | 21.00 |
| 12 | പച്ചരി സോർട്ടക്സ് | 21.00 |
| 13 | വെളിച്ചെണ്ണ | 62.00 |

2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി, ജയ, കുറുവ) എന്നിവ കി.ഗ്രാമിന് 21 രൂപ നിരക്കിൽ പ്രതിമാസം കാർഡ് ഒന്നിന് 10 കി.ഗ്രാം വരെ വിതരണം ചെയ്തു വരുന്നു.

3) കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 12 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി 10 പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടി ഈ മാർച്ച് മാസത്തോടുകൂടി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രി

ക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5) ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പന ശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

6) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRPയിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ വൻകിട കുത്തക കച്ചവട ക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7) പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ കായം, വാളൻപുളി, ഏലം എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9) പൊതു വിപണിയേക്കാൾ ഏകദേശം 50% വില കുറച്ച് കാർഡ് ഒന്നിന് 1 കിലോ ഗ്രാം വീതം വെളിച്ചെണ്ണ നൽകുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്.

മേൽ വിവരിച്ച നടപടികൾ പൊതു വിപണിയിലെ വില നിലവാരം നിയന്ത്രി ക്കുന്നതിന് വളരെ സഹായകമാണ്.

| | | | |
|---|---|---|---|
| (ബി) | പാചകവാതകവില വർദ്ധനവുമൂലം ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വിലവർദ്ധിപ്പിക്കുന്നതു മുന്നിൽക്കണ്ട് സർക്കാർ തലത്തിൽ ഹോട്ടലുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ന്യായവിലയ്ക്ക് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കുടുംബ ശ്രീ, ജനശ്രീ, ഗൃഹശ്രീ എന്നീ മഹിളാ സംഘടനകൾ മുഖാന്തിരം തൃപ്തി ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്ന തിനു ഒരു പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Beenas

സെക്ഷൻ ഓഫീസർ